കളും അവരുടെ കുടുംബങ്ങളും പട്ടിണിയിലാണ്. അടിയന്തിരമായി ഈ സമരം അവസാനിപ്പിക്കുവാൻ തൊഴിൽവകുപ്പുമന്ത്രി മുൻകൈ എടുക്കണം.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.കെ.ശിവദാസൻ): സർ, ഈ വിഷയത്തെപ്പറ്റി ചർച്ചചെയ്യാൻ ഇന്ന് 4 മണിക്ക് കോൺഫറൻസ് വച്ചിട്ടുണ്ട്. ഇതിലെ സംഗതമായ പ്രശ്നം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ നിന്നും അൽപം വ്യത്യസ്തമാണ്. അത് മാത്രം ഞാൻ പറയാം. ഇപ്പോഴും ഹൈക്കോടതിയുടെ ചില ഡയറക്ഷൻസിന് വിധേയമായിട്ടാണ് കാര്യങ്ങൾ നടക്കുന്നത്. ഇതിൽ കാറി ഉടമസ്ഥൻ അവകാശപ്പെടുന്നത്, ഇതിനുമുൻപ് അവിടെ ജോലി നടന്നിട്ടില്ല, അവിടെ തൊഴിലാളികൾ ഉണ്ടായിരുന്നില്ല അതുകൊണ്ട് പുതിയ തൊഴിലാളികളെ വച്ച് ജോലി ചെയ്യിക്കുവാൻ അദ്ദേഹത്തിന് അവകാശ മുണ്ടെന്നാണ്. യൂണിയൻ പറയുന്നത്, ഇതിനുമുൻപും തൊഴിലാളികൾ ഉണ്ടായിരുന്നുവെന്നാണ്. അങ്ങനെയായിരുന്നുവെങ്കിൽ, മുൻപ് അവിടെ ഉണ്ടായിരുന്നുവെന്ന് പറയുന്ന ആളിന് കാറി നടത്തുന്നതി നുള്ള ലൈസൻസ് ഉണ്ടായിരുന്നുവോ എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഡി.എൽ.ഒ. അന്വേഷിച്ചപ്പോൾ ഇതിന് ഒരു ലൈസൻസ് ഉണ്ടായിരുന്നുവെന്ന് തെളിയിക്കുവാൻ കഴിഞ്ഞില്ലെന്നാണ് പ്രാഥമികമായ റിപ്പോർട്ട് കിട്ടിയിരിക്കുന്നത്. നിയമപ്രശ്നം വരുമ്പോൾ കാറിക്ക് ലൈസൻസ് ഉണ്ടായിരുന്നുവോ എന്നൊക്കെ പരിശോധിക്കേണ്ടിവരും. അതിന് വേണ്ട എന്തെങ്കിലും രേഖ ഉണ്ടായിരുന്നുവോ എന്നുള്ളത് ഇനിയും നമുക്ക് പരിശോധിക്കാവുന്നതാണ്. ഏതായാലും വൈകുന്നേരം നടക്കുന്ന കോൺഫറൻസിൽ വച്ച് ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യ മായ ശ്രമം നടത്തുന്നതാണ്.

(10) കനോലിത്തോടിൽ പാലം

ശ്രീ.എ.സി.ഷൺമുഖദാസ്: സർ, കുറിയാടി, മാനന്തവാടി റോഡ് ഉദ്ഘാടനം ചെയ്തതോടുകൂടി വളരെ പ്രാധാന്യം കൂടി വന്ന റോഡാണ് എന്റെ നിയോജകമണ്ഡലത്തിൽകൂടിയുള്ള പുതിയങ്ങാടി– ഉള്ളേരി റോഡ്. ഈ റോഡിന് പലസ്ഥലത്തും വീതി കുറവാണ്. കനോലി തോടിന് ഒരു പാലമുണ്ട്. കഴിഞ്ഞ ഒരാഴ്ചക്കാലമായി പാലം അപകടത്തിലാണ്, ഭാരം ഇറക്കണമെന്നുള്ള ഒരു ബോർഡ് അവിടെ വന്നിരിക്കുകയാണ്. എരഞ്ഞിക്കൽ ബസാറിനടുത്താണ് ഈ പാലം. ബസാറിന്റെ രണ്ടു ഭാഗത്തും രണ്ട് ഫർലോംഗ് ദൂരമുണ്ട്. ഇപ്പോൾ ബസ്സുകൾക്ക് പലപ്പോഴും സൈഡ് കൊടുക്കണമെങ്കിൽ ഒരു ഫർലോംഗ് ദൂരം വരെ 6 ഉം 7 ഉം ബസ്സുകൾ റിവേഴ്സ് ചെയ്യണം. 100 കണക്കിന് വാഹനങ്ങൾ മിനിറ്റുവച്ച് ഈ റോഡിൽക്കൂടി ഓടു ന്നുണ്ട്. ഈ പാലം അടിയന്തിരമായി പുതുക്കിപ്പണിയണം, റോഡിന് വീതികൂട്ടണം. മാനന്തവാടി വഴി മൈസൂറിലേയ്ക്കുള്ള യാത്രയാണ് ഇതിന്റെ ഫലമായി തകർന്നുപ്പെടാൻ പോകുന്നത്. ഇതിന്റെ ഇൻവെ സ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. മറ്റുള്ള നടപടികൾക്ക് ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കി, അടിയന്തിരമായി പാലം റിപ്പയർ ചെയ്യണം. പുതിയ പാലവും പുതിയ അലൈൻമെന്റും കണ്ടെത്തി, റോഡിന്റെ യാത്രാസൗകര്യം വർദ്ധിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഉപമുഖ്യമന്ത്രി (ശ്രീ. കെ.അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ റോഡിന്റെ പലസ്ഥലങ്ങളിലും വീതികുറവാണ്. പാലത്തിന് അൽപം കാലപ്പഴക്കവും ഉണ്ട്. ഈ റോഡ് വീതി കൂട്ടുവാനും, പാലം പുതുക്കിപ്പണിയാനുമുള്ള നിർദ്ദേശം ഗവൺമെൻറിന്റെ മുൻപിലുണ്ട്. ഈ റോഡ് വീതി കൂട്ടുന്നതിന് ഭൂമി പൊന്നും വിലയ്ക്കെടുക്കുകയാണെങ്കിൽ, ഏകദേശം 25 ലക്ഷം രൂപ അതിനു വേണ്ടി മാത്രം ചെലവാക്കേണ്ടിവരും. കൂടാതെ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി കഴിഞ്ഞിട്ടില്ല. ഭൂമി പൊന്നും വിലയ്ക്കെടുക്കുകയും ഡിസൈൻ തയ്യാറാക്കുകയും ചെയ്യുന്ന മുറയ്ക്ക് തീർച്ചയായിട്ടും അതിന്റെ പരിഷ്ക്കരണം നടത്തണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. ഭൂമി ലഭ്യമാക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ സഹായിക്കുകയാണെങ്കിൽ, 25 ലക്ഷം രൂപ ഗവൺമെൻറിന് ലാഭിക്കുവാൻ സാധിക്കും. അതിനുള്ള സഹായം മെമ്പറുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(11) യൂണിവേഴ്സിറ്റി ജീവനക്കാരുടെ സമരം

ശ്രീ .ഇ.കെ.നായനാർ: സ്പീക്കർ സർ, പ്രീഡിഗ്രി ബോർഡ് വിരുദ്ധ സമരത്തെ തുടർന്ന്, സർക്കാരും യൂണിവേഴ്സിറ്റി ജീവനക്കാരും, ജനപ്രതിനിധികളും തമ്മിൽ ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥ ഇനിയും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. ഇന്നലെ വൈകുന്നേരം റേഡിയോയിൽ 720—ൽ പരം പേരെ തിരിച്ചെടുത്തു എന്നുള്ള വാർത്തയാണ് അറിയാൻ കഴിഞ്ഞത്. ഇതിനെ സംബന്ധിച്ച് ഇന്നലെ രാവിലെ തന്നെ ആ പ്രശ്നം ഞാൻ ഉന്നയിച്ചതായിരുന്നു. എന്നാൽ റേഡിയോയിൽ ഉന്നയിച്ച ആ പ്രശ്നത്തെക്കുറിച്ച് മുൻകൂട്ടി ജനപ്രതിനിധികൾക്കോ അവരുമായി സംസാരിച്ചവർക്കോ യാതൊരു വിവരവും ഉണ്ടായിരുന്നില്ല. അല്ലെങ്കിൽ വിവരം കൊടുത്തിരുന്നില്ല. വെറും ഒരു അശരീരി വാക്കുപോലെ റേഡിയോയിൽ ഇങ്ങനെ കേട്ടതാണ്. അതുപോലെ യൂണിവേഴ്സിറ്റിയിലെ 57 ജീവനക്കാരുടെ സസ്പെൻഷൻ പിൻവലിക്കാതെ ഇപ്പോഴും അവരെ പുറത്തുനിർത്തിയിരിക്കുകയാണ്. പ്രോബേഷണർമാരായ 18 അസിസ്റ്റൻറുമാർ 10 ടൈപ്പിസ്റ്റുകൾ കാണാതായ രേഖകൾ കണ്ടുപിടിക്കുന്ന ജോലി ചെയ്യണമെന്ന് എക്സാമിനേഷൻ കൺട്രോളർ ആവശ്യപ്പെട്ടിട്ടും ഹാജരാകാതെ ഇരുന്ന 6 സെക്ഷൻ ഓഫീസർമാരും ഒരു അസിസ്റ്റൻറും കേന്ദ്രീകൃത വാലുവേഷൻ ക്യാമ്പുകളിൽ അഡ്മിനിസ്ട്രേറ്റീവ് ആഫീസർമാരായിരുന്ന 14 സെക്ഷൻ ആഫീസർമാർ, ജോലിക്ക് കയറിയവരെ തടഞ്ഞു എന്ന് ആരോപിക്കുന്ന 8 പേർ, ഇങ്ങനെ 57 പേരെ ഇപ്പോഴും പുറത്ത് നിർത്തിയിരിക്കുകയാണ്. ഇത് ഗവൺമെൻറ് അംഗീകരിച്ച ഒത്തുതീർപ്പിന് വിരുദ്ധമാണ്. കാരണം ഒത്തുതീർപ്പുണ്ടായതിനെക്കുറിച്ച് ഗവൺമെൻറിന്റെ പത്രക്കുറിപ്പിൽ പറഞ്ഞത് എന്താണ്? പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ പത്രക്കുറിപ്പാണ് പറയുന്നത്. ''പ്രീഡിഗ്രി ബോർഡിന്റെ വിശദാംശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ വൈസ് ചാൻസലർമാരുടെ കമ്മിറ്റി, അവരുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുൻപ് ഇതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ചചെയ്യുന്നതായിരിക്കും'' അതാണ് ആദ്യത്തെ പാരഗ്രാഫ്. രണ്ടാമത്, ''ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെൻറിന് ലഭിക്കുന്ന മുറയ്ക്ക് രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly